II. ശ്രദ്ധക്ഷണിക്കൽ

(1) ലേലം ചെയ്യപ്പെട്ടതായി പറയപ്പെടുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. എ. അസീസ്: കൊല്ലം ജില്ലയിലെ പഴക്കം ചെന്ന കശുവണ്ടി ഫാക്ടറികളാണ് ശ്രീ. എൻ. സുന്ദരേശൻ വക തഴുത്തല, ആദിച്ചനെല്ലൂർ ഫാക്ടറികൾ. 1500-ൽപ്പരം തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ 9.30 am.] സ്ഥാപനം മൂന്നു വർഷമായി പൂട്ടിക്കിടക്കുകയായിരുന്നു. ആ ഫാക്ടറികളിൽ പണിയെടുത്തിരുന്ന പ്രായാധിക്യമുള്ള തൊഴിലാളികളെ പിരിച്ചുവിടാനോ പെൻഷൻ ലഭിക്കുന്നതിനുള്ള രേഖകൾ നൽകുന്നതിനോ ഫാക്ടറിയിൽ ആരും ഇല്ലായിരുന്നു. തൊഴിലാളികളുടെ പൂർവ്വകാല അവകാശങ്ങളെ സംബന്ധിച്ച് തിട്ടപ്പെടുത്താതെയും തൊഴിലിന് ഉറപ്പ് നൽകാതെയും ഈ ഫാക്ടറികൾ ലേലം ചെയ്തതായും ആരോ കശുവണ്ടി ഫാക്ടറി നടത്തിപ്പിനല്ലാതെ മറ്റേതോ ആവശ്യത്തിനായി ലേലം ഉറപ്പിച്ചതായും മനസ്സിലാക്കുന്നു. അതറിഞ്ഞ് 15-1-2005 മുതൽ തൊഴിലാളികൾ ഫാക്ടറി പടിക്കൽ സമരം നടത്തിവരികയാണ്. ഗവൺമെന്റ് ഇടപെട്ട് തൊഴിലാളികൾക്ക് തൊഴിലും അവകാശങ്ങളും ഉറപ്പുവരുത്തുകയും മേലിൽ ഏതെങ്കിലും കാരണത്താൽ കശുവണ്ടി ഫാക്ടറികൾ ലേലം ചെയ്യേണ്ടി വന്നാൽ തൊഴിലും തൊഴിലാളികളുടെ മുൻകാല ആവശ്യങ്ങളും ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ ലേലം ചെയ്യാൻ പാടുള്ളൂ എന്ന് സർക്കാർ നിലപാട് സ്വീകരിക്കുകയും ചെയ്യണം. അടുത്ത കാലത്ത് ഈ തരത്തിൽ കൊല്ലം ജില്ലയിൽ പല ഫാക്ടറികളും ബാങ്ക് കടം മൂലവും മറ്റു കടങ്ങളാലും ലേലം ചെയ്യുകയുണ്ടായി. ആ ലേലത്തിൽനിന്നും സംരക്ഷണം നേടാൻ വേണ്ടി തൊഴിലാളികളും തൊഴിലാളി യൂണിയനുകളും ഹൈക്കോടതിയിലും മറ്റു കോടതികളിലുമൊക്കെ കേസുമായി പോകേണ്ടിവന്നു. ഇത് തുടർച്ചയായി വരുന്ന ഒരു സംഭവമെന്ന നിലയിൽ തൊഴിലാളികളുടെ അവകാശങ്ങളും മുൻകാല അവകാശങ്ങളും തൊഴിലിനെ സംബന്ധിച്ച് ഉറപ്പും, ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ ഇത്തരം നടപടികൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടുള്ളൂ. ഏതു തരം കുടിശ്ശികകൾ ആയിരുന്നാലും ബാങ്ക് വായ്പകളുടെ അടിസ്ഥാനത്തിൽ ആയിരുന്നാലും അതല്ലാതുള്ള തരത്തിൽ ആയിരുന്നാലും ജപ്തി നടപടികൾ സ്വീകരിക്കുമ്പോൾ തൊഴിലാളികളുടെ തൊഴിലിന് സംരക്ഷണവും മുൻകാല സർവ്വീസിന് അവകാശവും ഉണ്ടാകണം. ഇത് രണ്ടിനും ഉറപ്പില്ലാത്ത വിധത്തിലാണ് ഇപ്പോൾ കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി ലേലം ചെയ്തുവരുന്നത്. ഇതിൽ അടിയന്തിരമായി സർക്കാർ ഇടപെടണം. തൊഴിലാളിയെ സംരക്ഷിക്കണം, തൊഴിലാളികളുടെ തൊഴിലും അവകാശങ്ങളും സംരക്ഷിക്കണം. തഴുത്തല ഫാക്ടറി എന്റെ നിയോജകമണ്ഡലമായ ഇരവിപുരം മണ്ഡലത്തിലും ആദിച്ചനെല്ലൂർ ഫാക്ടറി ശ്രീ. പ്രതാപവർമ്മ തമ്പാന്റെ നിയോജകമണ്ഡലത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച രണ്ടു ഫാക്ടറികളും ശ്രീ. എൻ. സുന്ദരേശൻ എന്ന ആളിന്റെ ഉടമസ്ഥതയിൽ ഉള്ളവയാണ്. അത് 2002 മുതൽ ഓലം എക്സ്പോർട്ട് എന്ന കമ്പനി വാടകയ്ക്കെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ കഴിഞ്ഞ രണ്ടു വർഷത്തിലേറെയായി ആ ഫാക്ടറികൾ നടത്തുന്നില്ലായിരുന്നു. ശ്രീ. സുന്ദരേശൻ മുതലാളിയുടെ പേരിലുള്ള മറ്റു റവന്യു റിക്കവറിക്കു വേണ്ടി ഈ ഫാക്ടറികൾ പല തവണ ലേലം വിളിക്കുകയുണ്ടായി. അപ്പോഴൊന്നും ലേലം നടന്നില്ല. ഈ അടുത്ത ദിവസങ്ങളിൽ ഏതോ ഒരു ആൾ 30.55 ലക്ഷം രൂപയ്ക്ക് ലേലം കൊണ്ടതായിട്ടാണ് ഗവൺമെന്റിന് അറിയാൻ കഴിഞ്ഞത്. പക്ഷെ ആ ലേലം സ്ഥിരപ്പെടുത്തിയില്ല. വളരെ അണ്ടർ എസ്റ്റിമേറ്റഡായിട്ടുള്ള വാല്യൂവാണ് കാട്ട് ചെയ്തിരിക്കുന്നത് എന്നുള്ളതിൽ തർക്കമുണ്ട്. അതിനേക്കാൾ വിലപിടിപ്പുള്ള വസ്തുവാണ്. തീർച്ചയായിട്ടും ആ ലേലം സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകില്ല. കളക്ടർക്ക് അതിന് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ, ബാങ്ക് സെക്യൂരിറ്റൈസേഷൻ ആക്ടിലെ പഴയ നിയമം അനുസരിച്ച് തൊഴിലാളികളുടെ അവകാശങ്ങൾക്കാണ് ആദ്യത്തെ ചാർജ്ജ്; ഏതു ഫാക്ടറി ലേലത്തിൽ വന്നാലും ആദ്യത്തെ ചാർജ്ജ് തൊഴിലാളികളുടെ അവകാശങ്ങൾക്കാണ്. പക്ഷെ ഇപ്പോഴത്തെ പുതിയ സെക്യൂരിറ്റൈസേഷൻ ആക്ടിൽ ബാങ്കിനാണ് ആദ്യത്തെ ചാർജ്ജ്. രണ്ടാമത്തെ ചാർജ്ജ് തൊഴിലാളികളുടെ അവകാശങ്ങൾക്ക് വരുന്നുള്ളൂ. അത് സുപ്രീം കോടതിയുടെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ വന്നതാണ്. തീർച്ചയായിട്ടും ഈ കാര്യത്തിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും ആ ഫാക്ടറിയുടെ ഫസ്റ്റ് ചാർജ്ജായി തന്നെ നിലനിർത്തിക്കൊണ്ട് അവരുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും. ഇതുപോലെ മറ്റു ചില ഫാക്ടറികളും ലേലത്തിൽ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ ഫാക്ടറികളിലെല്ലാം തന്നെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ യൂണിയനുകളുടെയും കൂടെ സജീവമായ ശ്രദ്ധ പതിയണമെന്ന് ഞാൻ ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. എ. എ. അസീസ്: മൂന്നു കൊല്ലമായി അടഞ്ഞുകിടക്കുന്ന ഈ ഫാക്ടറി ഉടമസ്ഥനെക്കൊണ്ടോ വാടകക്കാരെക്കൊണ്ടോ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഇതിനകത്തു വന്നിരിക്കുന്ന ഒരു ബുദ്ധിമുട്ട് സുന്ദരേശൻ മുതലാളിക്ക് ഇപ്പോൾ 90 വയസ്സായി. അദ്ദേഹത്തിന് ഈ ഫാക്ടറി നടത്തുന്നതിന് പ്രായാധിക്യത്താൽ കഴിയുന്നില്ല. അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക് ആർക്കും തന്നെ ഈ ഫാക്ടറി നടത്തുന്നതിൽ താൽപ്പര്യവുമില്ല. അപ്പോൾ ഇത് വാടകയ്ക്ക് കൊടുക്കുകയോ മറ്റാർക്കെങ്കിലും കൊടുക്കുകയോ മാത്രമേ നിവൃത്തിയുള്ളൂ. ഓലം എക്സ്പോർട്ട് എന്ന കമ്പനി അവിടെ കുറെയധികം ഫാക്ടറികൾ ഏറ്റെടുത്ത് നടത്തി വരികയാണ്. അവർ വാടകയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത് ഇതും നടത്തിക്കൊണ്ടിരുന്നു. പക്ഷെ അവരും ഈ സുന്ദരേശൻ മുതലാളിയും തമ്മിൽ വാടക ഇനത്തിലും അതിന്റെ നടത്തിപ്പിനെയും അവകാശങ്ങളെയും സംബന്ധിച്ച് ഒരു തർക്കം കോടതിയിൽ നിലനിൽക്കുകയാണ്. അതു തീരാതെ മറ്റാർക്കെങ്കിലും ഈ ഫാക്ടറി ഏറ്റെടുത്ത് നടത്താനും കഴിയില്ല. അങ്ങനെ നിയമപരമായ ഒരു പ്രശ്നമുണ്ട്. തീർച്ചയായിട്ടും അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റ് സത്വര നടപടി കൈക്കൊള്ളുന്നതാണ്.

(2) പട്ടികസമുദായ കോളനികളിലും ലക്ഷംവീട് കോളനികളിലും താമസിക്കുന്നവർക്ക് പട്ടയം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കെ. ഷാജു: സർ, സംസ്ഥാനത്ത് പട്ടികജാതി കോളനിയിലും ലക്ഷംവീട് കോളനിയിലും താമസിക്കുന്ന ആളുകളെ സംബന്ധിച്ച് അവരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. നിരാലംബരായ കുറഞ്ഞ വരുമാനക്കാരായ, നിർദ്ധനരായ ആയിരക്കണക്കിന് ആളുകളുടെ ജീവൽപ്രശ്നമാണിത്. സംസ്ഥാനത്തെ പഞ്ചായത്തുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ സെയിൽ ഡീഡ് വഴി വാങ്ങിയിട്ടുള്ള ഭൂമി ഗവർണ്ണറുടെ തണ്ടപ്പേരിലാണ് കിടക്കുന്നത്. ഗവർണ്ണറുടെ തണ്ടപ്പേരിൽ കിടക്കുന്ന ഈ ഭൂമി ഒരിക്കലും കൈമാറ്റം ചെയ്യാൻ കഴിയുന്നില്ല. അങ്ങനെ കൈമാറ്റം ചെയ്യപ്പെടാൻ കഴിയാത്തതുകൊണ്ട് ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ ഈടു വയ്ക്കാനും കഴിയുന്നില്ല. വാസയോഗ്യമല്ലാത്ത വീടുകൾ മാറ്റി പുതിയവ വയ്ക്കാനും ബന്ധപ്പെട്ടവർക്ക് കഴിയുന്നില്ല. കുറച്ചുകാലം കഴിഞ്ഞാൽ ഈ ഭൂമി മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യപ്പെടാനും കഴിയുകയില്ല. സാധാരണ ഗതിയിൽ സർക്കാർ ഭൂമി വാങ്ങുകയാണെങ്കിൽ, ലാന്റ് അക്വിസേഷനോ മറ്റോവഴി പൊന്നും വിലയ്ക്ക് ഭൂമി എടുത്താൽ ആ ഭൂമി സർക്കാർ പുറംപോക്കായിട്ടാണ് മാറുന്നത്. സർക്കാർ പുറംപോക്കായിട്ട് ഭൂമി മാറിയാൽ അത് നമുക്ക് കൈമാറ്റം ചെയ്യാൻ കഴിയുകയില്ല. പട്ടയം കിട്ടിക്കഴിഞ്ഞാൽ അത് കൈമാറ്റം ചെയ്യാൻ സാധിക്കും. ഇവിടെ പഞ്ചായത്തുകൾ പ്രത്യേകിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾ സെറ്റിൽമെന്റ് കോളനികളിലെ പാവപ്പെട്ടവർക്കുവേണ്ടി വാങ്ങുന്ന ഭൂമി ഗവണ്മെന്റ് തണ്ടപ്പേരിൽ കിടക്കുന്നതുകൊണ്ട് കൈമാറ്റം ചെയ്യപ്പെടാൻ കഴിയുന്നില്ല. അതുകൊണ്ട് സർക്കാർ ഭൂമി അക്വയർ ചെയ്ത് സർക്കാർ പുറമ്പോക്കാക്കി മാറ്റുന്നതുപോലെ ഇപ്പോഴത്തെ ഈ സെറ്റിൽമെന്റ് കോളനികളിലെ ഭൂമി മാറ്റിയെങ്കിൽ മാത്രമേ ആയിരക്കണക്കിന് വരുന്ന നിർധനരായിട്ടുള്ള ആളുകൾക്ക് ആ ഭൂമികൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകുകയുള്ളൂ. അതിനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ ചെയ്യുന്നത് ഗവർണ്ണറുടെ പേരിലുള്ള ഭൂമി പിന്നീട് ഡീവെസ്റ്റ് ചെയ്ത്, ഡീവെസ്റ്റ് ചെയ്യാനുള്ള ബുദ്ധിമുട്ട് എന്താണെന്ന് അങ്ങേയ്ക്കറിയാം. സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നൂലാമാലകൾ മാറാതിരിക്കുന്നത് ഡീവെസ്റ്റ് ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടുകൊണ്ടാണ്. അപ്പോൾ ഡീവെസ്റ്റ് ചെയ്തിട്ട് പിന്നീട് ഈ ഭൂമിക്ക് പട്ടയം

LIBRARY ARCHIVES Kerala Legislative Assembly